DESPATCHED
On..30\9\22.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

തിരുവനന്തപുരം 695 001.

ഹർജി നമ്പർ എ.പി.889 (3)/2020/എസ്.ഐ.സി

(ഫയൽ നം. 5247/എസ്.ഐ.സി - ജി1/2020)

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

സന്നിഹിതൻ .

ശ്രീ. എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി: 30/09/2022

ശ്രീ. എൻ. സുരേന്ദ്രൻ,
മഴവഞ്ചേരി വാര്യം,
കുമരങ്കരി പി.ഒ,
ചങ്ങനാശ്ശേരി - 686 103.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സബ് രജിസ്ട്രാർ,
   സബ് രജിസ്ട്രാർ ഓഫീസ്, പുളിങ്കുന്ന്,
   മങ്കൊമ്പ്, തെക്കേക്കര പി.ഒ, ആലപ്പുഴ -688 503

2. അപ്പീൽ അധികാരി & ജില്ലാ രജിസ്ട്രാർ ജനറൽ,
   ജില്ലാ രജിസ്ട്രാർ (ജനറൽ ഓഫീസ്),
   ആലപ്പുഴ - 688 001

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 04.11.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | 12.11.219 |
| ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 07.12.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ സമർപ്പിച്ച തീയതി | 15.01.2020 |
| കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 18.05.2020 |
| ഹർജിക്കാരന്റെ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി. | 21.05.2020 |

# ഉത്തരവ്

ആലപ്പുഴ കുമരങ്കരി മഴലഞ്ചേരി വാര്യത്തിൽ ശ്രീ എൻ. സുരേന്ദ്രൻ പുളിങ്കുന്ന് സബ് രജിസ്ട്രാർ ഓഫീസിലെ എസ്.പി.ഐ.ഒയ്ക്കു നൽകിയ അപേക്ഷയിൽ ലഭിച്ച മറുപടിയിൽ ആവശ്യപ്പെട്ട വിവരം ലഭിച്ചില്ല എന്നാരോപിച്ചാണ് ഒന്നാം അപ്പീൽ അധി കാരിയെ സമീപിച്ചത്. ഒന്നാം അപ്പീലധികാരി നൽകിയ മറുപടിയിലും തൃപ്ത നാവാതെയാണ് രണ്ടാം അപ്പീലപേക്ഷയുമായി കമ്മീഷനെ സമീപിച്ചത്.

2. 30.09.2022 കമ്മീഷനിൽ നടത്തിയ ഹിയറിംഗിൽ അപേക്ഷകൻ ഹാജരായി. എസ്.പി.ഐ.ഒ ആയ സബ് രജിസ്ട്രാർ പുളിങ്കുന്ന്, അപ്പീൽ അധികാരിയായ ഡെപ്യൂട്ടി രജിസ്ട്രാർ ആലപ്പുഴ, മങ്കൊമ്പ് സബ് രജിസ്ട്രാർ ഓഫീസിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി രാജി എന്നിവർ Online ആയി ഹിയറിംഗിൽ പങ്കെടുത്തു. ശ്രീ. എൻ. സുരേ ന്ദ്രൻ എന്നവർ വിവരാവകാശ നിയമം 6(1) വകുപ്പു പ്രകാരം ആവശ്യപ്പെട്ട വിവരം വെളിയനാട് വില്ലേജിൽ സർവ്വേ 378/4 ൽ പെട്ട വസ്തുവിന്റെ ഇപ്പോഴത്തെ ഉടമസ്ഥാവ കാശം സംബന്ധിച്ച വിശദാംശങ്ങൾ ആയിരുന്നു. 'ആയത് തൽസമയം സിസ്റ്റത്തിൽ നോക്കി സബ് രജിസ്ട്രാറും ജൂനിയർ സൂപ്രണ്ടും കമ്മീഷനെ ധരിപ്പിക്കുകയുണ്ടായി. ടി വിവരങ്ങൾ രേഖാമൂലം നാളെ (01/10/2022) ന് ഏതു സമയത്ത് അപേക്ഷകൻ എത്തി യാലും പുളിങ്കുന്ന് സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും അദ്ദേഹത്തിന് എസ്.പി. ഐ.ഒ അറ്റസ്റ്റ് ചെയ്ത പകർപ്പ് നൽകാം എന്ന് ഹിയറിംഗിൽ അപ്പീൽ അധികാരി, എസ്. പി.ഐ.ഒ എന്നിവർ സമ്മതിച്ചിട്ടുണ്ട്. അപ്രകാരം കമ്മീഷനു മുന്നിൽ നൽകിയ വാഗ്ദാനം നടപ്പിൽ വരുത്തി സ്വീകരിച്ച നടപടി റിപ്പോർട്ട് എസ്.പി.ഐ.ഒ 10/10/2022 നകം ഈ കമ്മീഷനിൽ ഹാജരാക്കാൻ ഉത്തരവായി ഈ അപ്പീൽ ഹർജി ഇന്നേ ദിവസം (2022, സെപ്റ്റംബർ മാസം 30-ാം തീയതി) തീർപ്പാക്കി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
എ. അബ്ദുൽ ഹക്കീം,
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM